കുടുംബശ്രീ 'സർഗ്ഗം' സാഹിത്യ ശില്പശാലയ്ക്ക് തുടക്കമായി

തൃശൂർ: കുടുംബശ്രീ സംസ്ഥാനതല ത്രിദിന സാഹിത്യ ശില്പശാല 'സർഗ്ഗം 2023' ന് തുടക്കമായി. മുളങ്കുന്നത്തുകാവ് കിലയിൽ നടക്കുന്ന പരിപാടി കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് കെ സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്തു. നാം ഉപയോഗിക്കുന്ന ഭാഷ അനേകം തലമുറകളിലൂടെ കൈമാറിവന്നതാണ്.

മറ്റുള്ളവരുടെ അനുഭവം സംവേദക്ഷമം ആകുന്നിടത്താണ് ഭാഷ അതിനെ അതേ അർഥത്തിൽ ഉൾക്കൊള്ളുന്നത്. എഴുത്ത് അസാധ്യമാകുന്ന സാഹചര്യങ്ങളിൽ സാഹിത്യകാരൻ അതിനെക്കുറിച്ചും എഴുതുന്നു. ചുറ്റുമുള്ള മനുഷ്യൻ അനുഭവിക്കുന്ന അസ്വാതന്ത്ര്യം ഉൾപ്പെടെയുള്ള ഘടകങ്ങൾ അവിടെ ചർച്ച ചെയ്യുന്നെന്നും ഉദ്ഘാടന പ്രസംഗത്തിൽ കെ സച്ചിദാനന്ദൻ പറഞ്ഞു.കുടുംബശ്രീ വനിതകൾക്ക് അവരുടെ സർഗ്ഗശേഷി വളർത്തുന്നതിനും സാഹിത്യ മേഖലയിൽ നൂതന ആശയങ്ങളും അറിവും നൽകുന്നത് ലക്ഷ്യമിട്ടാണ് ക്യാംപ് സംഘടിപ്പിക്കുന്നത്. കലാസാഹിത്യ മേഖലകളിലെ പ്രമുഖരായ വ്യക്തികളുമായി പരിചയപ്പെടുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും സംവദിക്കുന്നതിനും സർഗ്ഗം വേദിയാകും.

വനിതകളുടെ സാഹിത്യാഭിരുചി തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയാണ് കുടുംബശ്രീ ക്യാംപുകളിലൂടെ. മൂന്ന് ദിവസങ്ങളിലായി വിവിധ സെക്ഷനുകളിൽ സാഹിത്യ വിഷയങ്ങളുടെ അവതരണങ്ങളും നടക്കും. കേരള സാഹിത്യ അക്കാദമിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സഹകരിച്ചാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത്.

പരിപാടിയിൽ കുടുംബശ്രീ ഡയറക്ടർ കെ എസ് ബിന്ദു അധ്യക്ഷയായി. പബ്ലിക് റിലേഷൻസ് ഓഫീസർ നാഫി മുഹമ്മദ്, കില ഡയറക്ടർ ജനറൽ ജോയ് ഇളമൺ, ഐ ആൻഡ് പി ആർ ഡി മേഖല ഡെപ്യൂട്ടി ഡയറക്ടർ വി ആർ സന്തോഷ്, കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ഡോ എ കവിത തുടങ്ങിയവർ പങ്കെടുത്തു

മൊബൈൽ ടവർ സ്ഥാപിക്കാൻ വന്നവരെ ആക്രമിച്ചു. പ്രതികൾ പിടിയിൽ

വിയ്യൂർ: മാറ്റാംപുറത്ത് മൊബൈൽ ടവർ സ്ഥാപിക്കാനെത്തിയവരിൽ നിന്നും പണം ആവശ്യപ്പെട്ട്, പണി തടസപ്പെടുത്തുകയും, തൊഴിലാളികളെ ആക്രമിക്കുകയും ചെയ്ത പ്രതികൾ പിടിയിൽ. മാറ്റാംപുറം മാളിയേക്കൽ ജിനോ (26) ഇയാളുടെ പിതാവ് ഫിലിപ്പ് (58) എന്നിവരെയാണ് വിയ്യൂർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്റ്റർ കെ.സി. ബൈജുവും സംഘവും അറസ്റ്റു ചെയ്തത്.മറ്റൊരു പ്രതി ഫിജോ ഒളിവിലാണ്. മൊബൈൽ ടവർ സ്ഥാപിക്കാനെത്തിയ കമ്പനി അധികൃതരോടും ജോലിക്കാരോടും, ഇവർ പണം ആവശ്യപ്പെടുകയും, വഴങ്ങാതെ വന്നപ്പോൾ നിർമാണം തടസപ്പെടുത്തുകയും ചെയ്തു.

ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ മർദിക്കുകയും, കൈവശം കരുതിയിരുന്ന കത്തികൊണ്ടും ഇരുമ്പുപൈപ്പുകൊണ്ടും ആക്രമിക്കുകയും ചെയ്തു എന്നാണു പരാതി. കത്തികൊണ്ടുള്ള ആക്രമണത്തിൽ സുഭാഷ് സിങ്ങ്, മോഹിത് കുമാർ എന്നീ ഇതര സംസ്ഥാന തൊഴിലാളികൾക്കും പരുക്കേറ്റിട്ടുണ്ട്. ജിനോ, ഫിജോ എന്നിവർ നിരവധി കേസുകളിൽ പ്രതികളാണ്. ഇരുവരും വിയ്യൂർ പോലീസ്സ്റ്റേഷനിലെ കാപ്പ നിയമപ്രകാരമുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുമാണ്.

വാർഷിക പദ്ധതി രൂപീകരണത്തിന്റെ കർമസമിതിയോഗം ചേർന്നു

വടക്കാഞ്ചേരി: തെക്കുംകര ഗ്രാമപഞ്ചായത്തിലെ 24 25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ കർമസമിതി രൂപീകരണ യോഗം ഗ്രാമപഞ്ചായത്തിൽ ചേർന്നു. പുതിയ വാർഷിക പദ്ധതികൾ രൂപീകരിക്കുന്നതിനായുള്ള വർക്കിങ് ഗ്രൂപ്പ് യോഗം പഞ്ചായത്ത് പ്രസിഡന്റ് ടി വി സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഉമാ ലക്ഷ്മി അധ്യക്ഷത വഹിച്ചു. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ പി ആർ രാധാകൃഷ്ണൻ, സബിത സതീഷ്, വി സി സജീന്ദ്രൻ, എ ആർ കൃഷ്ണൻകുട്ടി, കെ രാമ ചന്ദ്രൻ, പി എ തിലകൻ മാസ്റ്റർ സെക്രട്ടറി ഡോക്ടർ ടി എൻ ബിന്ദു എന്നിവർ സംസാരിച്ചു.

ടെൻഡർ ക്ഷണിച്ചു

കേരള സാഹിത്യ അക്കാദമി ജനുവരി 28 മുതൽ ഫെബ്രുവരി 3 വരെ സംഘടിപ്പിക്കുന്ന കേരള അന്താരാഷ്ട്ര സാഹിത്യോത്സവത്തിന് വേണ്ടി സൗണ്ട് സൗകര്യങ്ങൾ നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു.

മാലമോഷണം: ജാഗ്രത പാലിക്കണം

കുന്നംകുളം : തിരക്കേറിയ ബസുകളിൽ യാത്ര ചെയ്യുമ്പോഴും, ഉത്സവപ്പറമ്പുകളിലും തിരക്കേറിയ സ്ഥലങ്ങളിലും സ്ത്രീകളുടെയും കുട്ടികളുടെയും സ്വർണാഭരണങ്ങളും പണവും മോഷ്ടിക്കുന്ന സംഘം വിലസുന്നതായി സൂചന. കുന്നംകുളം, തൃശൂർ വെസ്റ്റ് , ചാവക്കാട് എന്നീ പോലീസ് സ്റ്റേഷനുകളിൽ അടുത്ത ദിവസങ്ങളിൽ സ്ത്രീകളുടെ സ്വർണമാല അപഹരിച്ച കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മന:പൂർവം തിക്കും തിരക്കും ഉണ്ടാക്കുകയും, സ്ത്രീകളുടെ ശ്രദ്ധ തിരിച്ച് സ്വർണമാലയും പണം അടങ്ങിയ ബാഗുകളും അപഹരിക്കുകയുമാണ് ഇവരുടെ രീതി.

മേരാ യുവ ഭാരത് പോർട്ടലിൽ രജിസ്റ്റർ ചെയ്യാം

തൃശൂർ: മേരാ യുവ ഭാരത് പോർട്ടലിൽ യുവജനങ്ങൾക്ക് മൊബൈൽ, ഇമെയ്ൽ വഴി രജിസ്റ്റർ ചെയ്യാൻ അവസരം. രാജ്യത്തെ എല്ലാ യുവജനക്ഷേമ പരിപാടികളുടെയും രജിസ്ട്രേഷൻ, നടത്തിപ്പ് വിശകലനം എന്നിവ പോർട്ടൽ വഴിയായിരിക്കും നടത്തുക. യുവജന സാംസ്കാരിക വിനിമയ പരിപാടികൾ, പരിശീലന പരിപാടികൾ, യൂത്ത് ഇന്റേൺഷിപ്പ് തുടങ്ങിയവയും പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യാം. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ, എല്ലാ മേഖലകളിലുമുള്ള തൊഴിലവസരങ്ങൾ എന്നിവയും ലിങ്കുകളിലൂടെ അറിയാൻ കഴിയും. പോർട്ടലിൽ പങ്കാളികളായി സ്ഥാപനങ്ങൾക്കും സ്റ്റാർട്ട് അപ്പ് പോലുള്ള സംരംഭങ്ങൾക്കും രജിസ്റ്റർ ചെയ്യാം. വെബ്സൈറ്റ്- http://mybharat.gov.in/yuva register.

കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു

തൃശൂർ: കേരള ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ് സംഘടിപ്പിച്ചു. കെ എസ് ബി ബി ബോർഡ് മെമ്പർ കെ. വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് ജില്ലയിലെ സ്കൂൾ, കോളജ് വിദ്യാർഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി.ജൂനിയർ, സീനിയർ വിഭാഗങ്ങളിലായാണ് മത്സരങ്ങൾ നടന്നത്. ആവാസ വ്യവസ്ഥ പുനസ്ഥാപനവും നമ്മുടെ ഭാവിയും എന്ന വിഷയത്തിൽ പ്രൊജക്റ്റ് അവതരണം, അധിനിവേശ ജീവജാലങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ, പരിഹാരമാർഗങ്ങൾ എന്ന വിഷയത്തിൽ ഉപന്യാസരചന, തീരം എന്ന വിഷയത്തിൽ പെൻസിൽ ഡ്രോയിങ്, പ്ലാസ്റ്റിക്കും പരിസ്ഥിതിയും എന്ന വിഷയത്തിൽ പെയിന്റിങ് മത്സരം എന്നിവയാണ് സംഘടിപ്പിച്ചത്.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫിസർ ഡോ. അൻസാർ ചടങ്ങിൽ മുഖ്യാതിഥിയായി. തൃശൂർ ഗവ. ഗേൾസ് സ്കൂളിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ കെ എസ് ബി ബി തൃശൂർ ജില്ലാ ടി എസ് ജി മെമ്പറും സെന്റ് അലോഷ്യസ് കോളജ് അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. ജെയിംസ് അധ്യക്ഷത വഹിച്ചു. കെ എസ് ബി ബി ജില്ലാ കോഡിനേറ്റർ ഫെബിൻ ഫ്രാൻസിസ്, കെ എസ്ബിബി മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു.

ലോകാരോഗ്യ സംഘടനാസഹായക സാങ്കേതിക വിദ്യാപാഠാവലി: ചുമതല നിപ്മറിന്

തൃശൂർ: ലോകാരാഗ്യ സംഘടന ലോകത്ത് 16 ഭാഷകളിൽ തയാറാക്കുന്ന സഹായക സാങ്കേതിക വിദ്യാ പാഠാവലി മലയാളത്തിലും. പാഠാവലി തയാറാക്കുന്നതിന്റെ ചുമതല നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷന് (നിപ്മർ). ഇന്ത്യൻ ഭാഷകളിൽ മലയാളത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

ലോകത്ത് 2.5 ശതകോടി ജനങ്ങൾക്കാണ് വിവിധ സഹായക ഉപകരണങ്ങൾ ആവശ്യമുള്ളതായി ലോകാരോഗ്യ സംഘടയുടെയും യൂനിസെഫിന്റെയും പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. 2050ൽ 3.5 ശതകോടി ആളുകൾക്ക് ഇത് ആവശ്യമായി വരുമെന്നും പഠനം വ്യക്തമാക്കുന്നു. കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ദൈനംദിന ആവശ്യം നിറവേറ്റുന്നതിന് ഇത്തരം ഉപകരണങ്ങൾ ആവശ്യമായി വരുന്നുണ്ട്. വീൽചെയർ, ക്രെച്ചസ്, ഊന്നുവടികൾ എന്നിവകൾക്കുപരി ചലന സഹായികൾ, ശ്രവണ സഹായികൾ, കാഴ്ച്ച സഹായികൾ, ഓർമ്മസഹായികൾ, പരിചരണ സഹായികൾ എന്നിങ്ങനെ വിവിധ തരം സഹായക ഉപകരണങ്ങൾ വിപണിയിൽ ലഭ്യമാണ്. ഇത്തരം ഉപകരണങ്ങളുടെ തെരഞ്ഞെടുപ്പ്, ഉപയോഗം, പരിശീലനം, പരിപാലനം എന്നിവ സംബന്ധിച്ച്,ആവശ്യക്കാർ, വിദഗ്ദ്ധർ, ആരോഗ്യപ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി ഒരു സഹായക ഉപകരണ പരിശീലന പാഠാവലി ഇംഗ്ലീഷ് ഭാഷയിൽ ലോകാരോഗ്യ സംഘടന അവരുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതാണ് അറബ്, നേപ്പാളി, മലയാളം ഉൾപ്പടെ വിവിധ ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യുന്നത്. നിപ്മർ എക്സിക്യൂട്ടീവ് ഡയരക്ടർ സി.ചന്ദ്രബാബുവിന്റെ നേതൃത്വത്തിലാണ് പാഠാവലി മലയാളത്തിൽ തയാറാക്കുന്നത്. പൂർത്തിയായാലുടൻ ഈ പാഠാവലി ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകും. ആളൂരിൽ ആവശ്യമായവരെ കണ്ടെത്തി ലോകാരോഗ്യ സംഘടനയുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പിന്തുണയോടെ സഹായക ഉപകരണങ്ങൾ നൽകുകയും ചെയ്യും.

ഈ പൈലറ്റ് പദ്ധതിയിൽ നിന്നും ഉൾകൊള്ളുന്ന പാഠം ഇന്ത്യയിൽ ആകെ വ്യാപിപ്പിക്കാനാണ് ലോകാരോഗ്യ സംഘടനയും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും ലക്ഷ്യം വയ്ക്കുന്നത്.

ജില്ലാ സ്പോർട്സ് സമ്മിറ്റ് 14 ന്

തൃശൂർ: ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 14 ന് രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ ജില്ലാ സ്പോർട്സ് സമ്മിറ്റ് നടത്തുമെന്ന് പ്രസിഡന്റ് അഡ്വ. കെ. പ്രേംകുമാർ എം.എൽ.എ അറിയിച്ചു. ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരത്ത് നടക്കുന്ന കായിക ഉച്ചകോടിക്ക് മുന്നോടിയായി ജില്ലയിലെ മന്ത്രിമാർ, എംഎൽഎമാർ, എംപിമാർ, ജില്ലാ കലക്ടർ, ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മിഷണർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, കൗൺസിലർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, പഞ്ചായത്ത്- -മുനിസിപ്പൽ-കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകളുടെ പ്രതിനിധികൾ, ഗവ സെക്രട്ടറിമാർ, വിവിധ വകുപ്പ് പ്രതിനിധികൾ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, വാണിജ്യ വ്യവസായ രംഗത്തെ പ്രമുഖർ, ഡിഎംഒ., കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർഥി സംഘടനകൾ, സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങിയവരെയെല്ലാം ഉൾപ്പെടുത്തിയാണ് ജില്ലാതല സ്പോർട്സ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്.

ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയ്നിങ് പ്രോഗ്രാം

തൃശൂർ : സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് കീഴിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളെജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഒരു വർഷത്തെ ഡിപ്ലോമ മോണ്ടിസോറി ടീച്ചർ ട്രെയിനിങ് പ്രോഗ്രാമിന് ഡിസംബർ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്ന കോഴ്സിന് കോൺടാക്റ്റ് ക്ലാസുകളും പ്രാക്ടിക്കലുകളും ഇന്റേൺഷിപ്പും അധ്യാപക പരിശീലനവും പഠന പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും.

പ്ലസ് ടു/ഏതെങ്കിലും ടീച്ചർ ട്രെയിനിങ് കോഴ്സ്/ഏതെങ്കിലും ഡിപ്ലോമ ആണ് യോഗ്യത. ഒരു വർഷത്തെ മോണ്ടിസോറി ടീച്ചർ ട്രെയിനിങ് ഡിപ്ലോമ കഴിഞ്ഞവർക്ക് നിബന്ധനകൾക്ക് വിധേയമായി അഡ്വാൻസ് ഡിപ്ലോമയുടെ രണ്ടാം വർഷ കോഴ്സിലേക്ക് ലാറ്ററൽ എൻട്രി സൗകര്യവും ലഭിക്കും. https://app.srccc.in/register മുഖേനയാണ് അപേക്ഷിക്കേണ്ടത്. താത്പര്യമുള്ളവർ ജില്ലയിലെ പഠനകേന്ദ്രമായ സ്റ്റേഡിയം സ്റ്റാൻഡിനു സമീപത്തുള്ള മാങ്കാവ് എം.ഇ.എസ് വിമൻസ് കോളെജുമായി ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക്: www.srccc.in, 0491-2546767, 6238322021.

വനിതാ കമ്മിഷൻ തീരദേശ ക്യാംപ് ഡിസംബർ 12നും 13നും

പൊന്നാനി: തീരദേശത്തെ വനിതകളുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനായി വനിതാ കമ്മിഷൻ സംഘടിപ്പിക്കുന്ന മലപ്പുറം തീരദേശ ക്യാംപ് ഡിസംബർ 12നും 13നും പൊന്നാനിയിൽ നടക്കും. 12ന് രാവിലെ 8.30ന് പൊന്നാനി നഗരസഭയിലെ തീരമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ വീടുകൾ വനിതാ കമ്മിഷൻ സന്ദർശിക്കും. ഉച്ചയ്ക്ക് രണ്ടിന് തൃക്കാവ് മാസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ഏകോപന യോഗം വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി ഉദ്ഘാടനം ചെയ്യും. 13ന് രാവിലെ 10ന് തൃക്കാവ് മാസ് ഓഡിറ്റോറിയത്തിൽ സ്ത്രീ സംരക്ഷണ നിയമങ്ങൾ എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി ഉദ്ഘാടനം ചെയ്യും.

ഗസ്റ്റ് ഇൻസ്ട്രക്റ്റർ നിയമനം: കൂടിക്കാഴ്ച്ച 14 ന്

പാലക്കാട് : നെന്മാറ ഗവ ഐടിഐയിൽ എംപ്ലോയബിലിറ്റി സ്കിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം. യോഗ്യത എം.ബി.എ/ബി.ബി.എ/ഏതെങ്കിലും എൻജിനീയറിങ് ബിരുദം/ഡി.ജി.ടി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എംപ്ലോയബിലിറ്റി സ്കില്ലിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയത്തോടുകൂടിയ ഡിപ്ലോമ. താത്പര്യമുള്ളവർ യോഗ്യത, വയസ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 14 ന് രാവിലെ 11 ന് ഐടിഐയിൽ നടക്കുന്ന കൂടിക്കാഴ്ചക്ക് എത്തണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ: 04923241010

ബാലികുളത്തിന്റെ നവീകരണം: അഴിമതി നടന്നതായി ആരോപണം

ചാലക്കുടി: പരിയാരം പഞ്ചായത്തിലെ പ്രധാന ജലസ്രോതസായ ബാലികുളത്തിന്റെ നവീകരണ ജോലിയിൽ അഴിമതി നടന്നതായി ആരോപണം. ലക്ഷങ്ങൾ ചെലവാക്കി ചോർച്ച അടയ്ക്കുവാൻ ശ്രമിച്ചിട്ടും പരിഹാരമായില്ലെന്നും ചോർച്ച മാറ്റാതെ നിർമാണ ജോലികൾ അവസാനിപ്പിച്ചതിൽ ദുരൂഹതയുണ്ടെന്നും പറയപ്പെടുന്നു.വെള്ളം ചോർന്ന് പോകുന്നത് തടയാനും നടപ്പാത നിർമിക്കുന്നതിനുമായി പഞ്ചായത്ത് 25 ലക്ഷം വകയിരുത്തിയാണ് നവീകരണ പ്രവർത്തികൾ നടത്തിയത്. എന്നാൽ നേരത്തെയുണ്ടായതിനേക്കാൾ ചോർച്ച ഇരട്ടിയാവുകയും നടപ്പാതയുടെ നിർമാണം പാതി വഴിയിലുമാണ്. ഏഴ് കുടിവെള്ള പദ്ധതികളാണ് ബാലികുളത്തിലെ വെള്ളത്തെ ആശ്രയിച്ച് പ്രവർത്തിക്കുന്നത്. ആവശ്യത്തിന് ജലം ഇല്ലാതെവന്നാൽ നൂറ് കണക്കിന് ജനങ്ങൾക്ക് കുടിവെള്ള ക്ഷാമം ഉണ്ടാകും. ഈ സാഹചര്യത്തിൽ പഞ്ചായത്ത് അധികൃതർ അടിയന്തരമായി പോരായ്മ പരിഹരിച്ച് പ്രവർത്തികൾ പൂർത്തീകരിക്കണമെന്നും ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് 74-ാം ബൂത്ത് യോഗം ആവശ്യപ്പെട്ടു.

ബൂത്ത് പ്രസിഡന്റ് ബേബി പാനികളം, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സി.വി. ആന്റണി, പി.പി.പോളി എന്നിവരും റപ്പായി നാലുകണ്ടൻ, ബിന്റോ വേരംപിലാവ്, ജോസ് കാഞ്ഞൂക്കാരൻ, എം.ഡി. സജി എന്നിവർ സംസാരിച്ചു.

22 മത് ശ്രീമദ് ഭാഗവത തത്ത്വസമീക്ഷാ സത്രം

വടക്കാഞ്ചേരി.വെങ്ങിണിശ്ശേരി നാരായണാശ്രമതപോവനവും പാർളിക്കാട് ഹിന്ദ് നവോത്ഥാന പ്രതിഷ്ഠാനും സംയുക്തമായി സംഘടിപ്പിയ്ക്കുന്ന 22 മത് ശ്രീമദ് ഭാഗവത തത്ത്വസമീക്ഷാ സത്രത്തിന്റെ ബ്രോഷർ നാരായണാശ്രമതപോവനം മാനേജിങ് ട്രസ്റ്റിയും ഹിന്ദ് നവോത്ഥാന പ്രതിഷ്ഠാൻ പ്രസിഡണ്ടുമായ സ്വാമി ഭൂമാനന്ദതീർത്ഥ പാർളിക്കാട് നൈമിഷാരണ്യം സഭാനികേതനിൽ വച്ച് നിർവഹിച്ചു. ടി. പുരുഷോത്തമൻ മാസ്റ്റർ ആദ്യ പ്രതി സ്വീകരിച്ചു. യോഗത്തിൽ സ്വാമി ഭൂമാനന്ദതീർത്ഥ സത്രത്തിന്റെ മംഗളകരമായ നിർവഹണത്തിനു വേണ്ടതായ നിർദേശങ്ങൾ ധർമ്മസേവകർക്ക് നല്കി.സത്രസമിതി സെക്രട്ടറിയും ദേശമംഗലം ഓങ്കാരാശ്രമം മഠാധിപതിയുമായ സ്വാമി നിഗമാനന്ദതീർത്ഥപാദർ ആമുഖഭാഷണം നടത്തി. 22 മുതൽ 31 കൂടിയാണ് സത്രം നടക്കുന്നത്. വിദ്യാർത്ഥികൾക്കുള്ള സമൂഹ വിഷ്ണുസഹസ്രനാമജപയജ്ഞവും മത്സരവിജയികൾക്കുള്ള സമ്മാനദാനവും 28ന് രാവിലെയും വിഷ്ണുസഹസ്രനാമ സമൂഹാർച്ചന സമാപനദിവസമായ 31നുമാണ്.

അനുസ്മരണം സംഘടിപ്പിച്ചു

ചാലക്കുടി: ധീര ജവാൻ ശരത്ത് വി സത്യൻ അനുസ്മരണം. സംഘടിപ്പിച്ചു. സ്കൂളിലെ പൂർവവിദ്യാർഥി കൂടിയായ ശരത്തിന്റെ ചിത്രത്തിനു മുമ്പിൽ വിദ്യാർഥികൾ പുഷ്പാർച്ചന നടത്തി. മോതിരക്കണ്ണി വലിയപാടം എസ്എൻഡിപി എൽ പി സ്കൂളിൽ അനുസ്മരിച്ചു. പിടിഎ പ്രസിഡണ്ട് കെ.വി വിജേഷ് അധ്യക്ഷത വഹിച്ചു. പ്രധാന അധ്യാപിക വി.വി ഷൈനി, ആർ.വി കല്യാണി, ഉണ്ണികൃഷ്ണൻ പോട്ടശ്ശേരി, ഹസീന നിഷാബ്, പി.വി അജിത് കുമാർ, റീന ആന്റണി എന്നിവർ സംസാരിച്ചു.

കരുവന്നൂർ സിഎൽസിയുടെ ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാംപ് നടത്തി

ഇരിങ്ങാലക്കുട: കരുവന്നൂർ സിഎൽസിയുടെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് സെന്റ് വിൻസെന്റ് ഡി ആർ സി ഹോസ്പിറ്റൽ ഇരിങ്ങാലക്കുടയും കരുവന്നൂർ സി എൽ സിയും സംയുക്തമായി കരുവന്നൂർ സെന്റ് മേരീസ് ദേവാലയ മതബോധന ഹാളിൽ സൗജന്യ മെഡിക്കൽ ക്യാംപ് നടത്തി.സൗജന്യ മെഡിക്കൽ ക്യാമ്പ് വികാരിയും സി എൽ സി ഡയറക്റ്ററുമായ ഫാ ജോസഫ് തെക്കേത്തല ഉദ്ഘാടനം ചെയ്തു.

ക്യാംപിൽഡ ഇടവക അംഗങ്ങൾക്ക് പുറമേ ജാതിഭേദമന്യേ എല്ലാവരും പങ്കെടുത്തു. സൗജന്യ ബ്ലഡ് ടെസ്റ്റ്, ഷുഗർ, കൊളസ്ട്രോൾ ചെക്കിങ്ങിന് പുറമേ സൗജന്യ കൺസൾട്ടിങ്ങും മരുന്ന് വിതരണവും നടത്തി.

കരുവന്നൂർ സി എൽ സി പ്രസിഡന്റ് സിന്റോ ആന്റോ പെരുമ്പുള്ളി, സെക്രട്ടറി അലൻ സണ്ണി കാഞ്ഞിരക്കാടൻ, ട്രഷറർ അക്ഷയ് ഷാജു പെരുമ്പുള്ളി, വൈസ് പ്രസിഡന്റ് പി എസ് ഡൽവിൻ, ജോയിന്റ് സെക്രട്ടറി ഗ്ലാനിയ ജോസ്, പ്രൊഫഷണൽ സി എൽ സി പ്രസിഡന്റ് ഷൈജോ തെക്കുടൻ, ഇരിങ്ങാലക്കുട ഫൊറോന സി എൽ സി പ്രസിഡന്റ് അമൽ ബെന്നി, കൺവീനർമാരായ ഗ്ലാനിയ ജോസ്, സഫന സെബാസ്റ്റ്യൻ, ഡെൽന ഡേവിസ്, കരുവന്നൂർ സി എൽ സി അംഗങ്ങളായ സ്റ്റെറിൻ റോസ്വിൻ, ഗോഡ് വിൻ ബാബു, റിച്ചാർഡ് റോയ്, നിനവ് ഡെന്നി, ആബേൽ, അനീറ്റ സെബാസ്റ്റ്യൻ, സിബിൻ ആന്റോ എന്നിവർ നേതൃത്വം നൽകി.

CHANGE OF NAME

I SASIKALA KASILINGAM (NAME AS IN MY PASSPORT NO : L2337835) RESIDING AT 44/1283, CHINMAYA NAGAR, MELAMURI ROAD, PALLIPURAM, PALAKKAD - 678006 - KERALA , DO HEREBY CHANGE MY NAME "SASIKALA GURUVAYOORAPPAN " (NAME AS PER PAN CARD, AADHAR) WITH IMMEDATE EFFECT

ICICI Home Finance

കോർപ്പറേറ്റ് ഓഫിസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

ശാഖ ഓഫിസ്: ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022
ശാഖാ ഓഫീസ് : ഒന്നാം നില, സുന്ദർ ടവർ, 24/868(3), നിസ്സാൻ പിനാക്കിളിന് സമീപം , കുന്നത്തൂർമേട് പോസ്റ്റ്, പാലക്കാട് -678013

പ്രൊവിസോ റൂൾ 8(6) കാണുക
സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സ്മെന്റ് ഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്ത് വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്. വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പ്രതീകാത്മക ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത്' 'എന്താണോ ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ്	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
				ഇഎംഡി		
(A)	(B)	(C)	(D)	(E)	(F)	(G)
1.	1. അൻസൂർ മുൻഷി (വായ്പക്കാരൻ) സംസൂർ നിഹാർ (സഹ-വായ്പക്കാരൻ) ജഹറാബിബി മൻസൂർ അലി മുൻഷി (ഗ്യാരന്റർ) Loan Account No. LHTHR00001323245	തൃശൂർ താലൂക്ക് വിൽവട്ടം വില്ലേജ് റീ സർവെ നമ്പർ 63/11-1, റീ സർവെ നമ്പർ 63/11-1, തൃശൂർ-680009	Rs. 1,83,16, 235/- December 07, 2023	Rs. 1,23,33, 313/- Rs. 12,33,332/-	December 18, 2023 11:00 AM- 03:00 PM	December 29, 2023 02:00 PM- 03:00 PM
2.	2. തൃശൂർ അസോസിയേറ്റ്സ് (വായ്പക്കാരൻ), ആനന്ദ് ടിവി (സഹ-വായ്പക്കാരൻ) പ്രവീൺകുമാർ കെ എം (സഹ-വായ്പക്കാരൻ), എസ് മിനി ആനന്ദ് (സഹ-വായ്പക്കാരൻ), തൃശൂർ എയർകോൺ (ഗ്യാരന്റർ) Loan Account No. LHTHR00001322339	സർവെ നമ്പർ 495/3, ബ്ലോക്ക് നമ്പർ 53, റീ സർവെ നമ്പർ 333/5-1, വില്ലേജ് പുത്തൂർ താലൂക്ക് തൃശൂർ സബ് ജില്ല തൃശൂർ ജില്ല തൃശൂർ തൃശൂർ- 680003	Rs. 88,76,436/- December 07, 2023	Rs. 60,03,139/- Rs. 6,00,314/-	December 18, 2023 11:00 AM- 03:00 PM	December 29, 2023 02:00 PM- 03:00 PM
3.	3. മുഹമ്മദ് ആസിഫ് (വായ്പക്കാരൻ) ഫാത്തിമ സുഹറ, സുൽഫിത്ത് മുഹമ്മദ് ആസിഫ് (സഹ-വായ്പക്കാരൻ) Loan Account No. LHPGT00001318027	റീ സർവെ നമ്പർ 376/3, ഓൾഡ് സർവെ നമ്പർ 18/1, ബ്ലോക്ക് നമ്പർ 21 വില്ലേജ് വിളയൂർ താലൂക്ക് പട്ടാമ്പി സബ് ജില്ല വിളയൂർ ജില്ല പാലക്കാട്- 679308	Rs. 79,22,500/- December 07, 2023	Rs. 46,49,641/- Rs. 4,64,965/-	December 18, 2023 11:00 AM- 03:00 PM	December 29, 2023 02:00 PM- 03:00 PM

ലേല ഏജൻസി ഗ്ലോബ് ടെക്കിന്റെ (യുആർഎൽ ലിങ്ക് https://BestAuctionDeal.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് ഡിസംബർ 28, 2023 വൈകിട്ട് 5 മണി വരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർടിജിഎസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022 എന്ന വിലാസത്തിലേക്ക് ഡിസംബർ 28, 2023 വൈകിട്ട് 4 മണിക്കു മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടീഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022 എന്ന വിലാസത്തിലേക്ക് ഡിസംബർ 28, 2023 വൈകിട്ട് 5 മണിക്കു മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്- ലേലം തൃശൂർ,പാലക്കാട് , മാറാവുന്ന വിധത്തിലായിരിക്കണം.

കൂടുതൽ വിശദാംശങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ എന്തെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിലോ സെയിൽസ് & മാർക്കറ്റിങ് പാർട്ണർ നെക്സ് സൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനെയോ ബന്ധപ്പെടാവുന്നതാണ്.

താഴെ ഒപ്പിട്ടിരിക്കുന്നഅംഗീകൃത ഓഫിസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

തിയതി: ഡിസംബർ 12, 2023
സ്ഥലം: തൃശൂർ,പാലക്കാട്

അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

Mahindra HOME FINANCE
മഹീന്ദ്ര റൂറൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
രജിസ്റ്റേർഡ് ഓഫീസ്: മഹീന്ദ്ര ഹോം ഫിനാൻസ് (യൂണിറ്റ് നം. 203), അമിറ്റി ബിൽഡിംഗ്, അഗസ്ത്യ കോർപ്പറേറ്റ് പാർക്ക്, കമാനി ജംഗ്ഷൻ, ഫയർ സ്റ്റേഷന് എതിരെ, എൽ.ബി.എസ്. മാർഗ്, കമാനി, കുർള വെസ്റ്റ് മുംബൈ-400 070. റീജിയണൽ ഓഫീസ്: മൂന്നാം നില, ബിൽഡിംഗ് നം. 631/A41, അമ്പാടി ടവേഴ്സ്, പൂക്കാട്ടുപടി റോഡ്, ഇടപ്പള്ളി ടോൾ, എറണാകുളം-682024, ഫോൺ: 0484-4191111

കൈവശപ്പെടുത്തൽ നോട്ടീസ് (സ്ഥാവര വസ്തുക്കൾക്ക്) സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(1) പ്രകാരമുള്ള നോട്ടീസ്

സെക്യൂരുറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (54/2002) പ്രകാരം വായ്പക്കാർക്ക് / ജാമ്യക്കാർക്ക് അവരുടെ വായ്പ നിഷ്ക്രിയ ആസ്തി ആയതിനെ തുടർന്ന് വായ്പാ തുകയും പലിശയും മറ്റും ചെലവുകളും 60 ദിവസത്തിനകം അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാകുന്നു. എന്നാൽ വായ്പക്കാർ / ജാമ്യക്കാർ പ്രസ്തുത സമയത്തിനകം തുക അടക്കുവാൻ വീഴ്ച വരുത്തിയതിനെതുടർന്ന് ടി ആക്ടിലെ സെക്ഷൻ 13(4) റൂൾ 8 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് താഴെപ്പട്ടികയിൽ പറയുന്ന സ്ഥാവര വസ്തു വഹകൾ ബാങ്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ ഞാൻ കൈവശപ്പെടുത്തിയിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഈ വസ്തുവഹകളിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്നും, ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകൾ നടത്തുന്നയാൾ മഹീന്ദ്ര റൂറൽ ഹോം ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് ഈടാക്കാനുള്ള തുകയും പലിശക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കുമെന്നുള്ള വായ്പക്കാരെയും/ ജാമ്യക്കാരെയും പ്രത്യേകിച്ച് പൊതുജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫേസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ക്രമ നം.	വായ്പക്കാർ/ജാമ്യക്കാരുടെ പേര്	വസ്തുക്കളുടെ വിവരണം	കുടിശ്ശിക തുക
1.	വായ്പക്കാർ: ശ്രീ. കിഷോർ. എൻ, ശ്രീമതി കല്യാണി. എൻ, ജാമ്യക്കാരൻ: ശ്രീ. സുധീഷ്. എം വായ്പ നം.: XRESKNG00807814 ഡിമാന്റ് നോട്ടീസ് തീയതി: 11-11-2022 കൈവശമെടുത്ത തീയതി: 06-12-2023	കാസർഗോഡ് ജില്ലയിൽ, ഹൊസ്ദുർഗ്ഗ് ഉപ രജിസ്ട്രേഷൻ ജില്ലയിൽ, ഹൊസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ സർവ്വെ നം 99 ൽ പെട്ട 4.05 ആർ സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റ് സകല വഹകളും. അതിരുകൾ: വിജയൻ വക വസ്തുവിന് പടിഞ്ഞാറ്; സർക്കാർ വക വസ്തുവിന് വടക്ക്; അലമ്മി വക വസ്തുവിന് കിഴക്ക്; ബാക്കി വസ്തുവിന് തെക്ക്.	06-12-2023 ലെ രൂപ 5,02,705/- (അഞ്ച് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റിഅഞ്ച് രൂപ) യും പലിശയും
2.	വായ്പക്കാർ: ശ്രീമതി പുത്തരിച്ചി, മിസ്. പുഷ്പ. എം, ശ്രീ. രാഹുൽ. ആർ, ജാമ്യക്കാരൻ: ശ്രീ. കൃഷ്ണൻ. സി വായ്പ നം.: XRESKNG00631492 ഡിമാന്റ് നോട്ടീസ് തീയതി: 11-11-2022	കാസർഗോഡ് ജില്ലയിൽ, ഹൊസ്ദുർഗ്ഗ് താലൂക്കിൽ തായന്നൂർ വില്ലേജിൽ റീ സർവ്വെ നം 546/1 ൽ പെട്ട 1.21 ആർ സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റ് സകല വഹകളും. അതിരുകൾ: സർക്കാർ വക വസ്തുവിന് പടിഞ്ഞാറ്; ബാക്കി വസ്തുവിന് വടക്ക്; ബാക്കി വസ്തുവിന് കിഴക്ക്; മമ്മത്ത് വസ്തുവിന് തെക്ക്. കൈവശമെടുത്ത തീയതി: 07-12-2023	07-12-2023 ലെ രൂപ 2,14,686/- (രണ്ട് ലക്ഷത്തി പതിനാലായിരത്തി അറുന്നൂറ്റി എൺപത്താറ് രൂപ) യും പലിശയും

സ്ഥലം: കാഞ്ഞങ്ങാട്, തീയതി: 07-12-2023. (ഒപ്പ്), അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, M/s മഹീന്ദ്ര റൂറൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

ഗവണ്മെന്റ് അംഗീകൃത
B.Ed
M.Ed
ഒരു വർഷം കൊണ്ട് പൂർത്തിയാക്കാം
B.Ed - Special Education
BPED Available
UGC / UPSC / NCTE / RCI / AIU
KERALA PSC APPROVED
GLOBAL ACADEMY
Think Teaching Career - Think Global Academy
KOCHI
KOCHI | COIMBATORE | BANGALORE | DELHI
9400444182 | 9400444021
Teaching Education Consultancy Division of : LK GROUP OF EDUCATIONAL SERVICES

ASIAN EDUCATION FOUNDATION
ഗവൺമെന്റ് അംഗീകൃത
SSLC | PLUS TWO
10 മാസം കൊണ്ട് പൂർത്തിയാക്കാം
UGC | AIU | UPSC
Kerala PSC Approved
ഉപരിപഠനത്തിനും വിദേശ എംബസി അറ്റസ്റ്റേഷനും അംഗീകൃതം
98461 77758 | 98461 77750
Toll Free : 1800 121 2893
ISO 9001: 2015 CERTIFIED EDUCATIONAL TRUST
Registration No. 48/IV/2022, Under Govt. of Kerala
Distance and Continuing Education Division of : LK GROUP OF EDUCATIONAL SERVICES